**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5671** **24/05/2017-ൽ മറുപടിക്ക്**

**ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് അദ്ധ്യാപക നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ ഭേദഗതി**

**ചോദ്യം**
ശ്രീ.വി.ആർ.സുനിൽ കുമാർ

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കേരളത്തിലെ സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് അദ്ധ്യാപക നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഭേദഗതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. ഇപ്പോൾ നിയമവകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത ഭേദഗതിയിൽ കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ച നിലവാരമുള്ള ബിരുദാനന്തര ബിരുദങ്ങൾ മാത്രമേ അദ്ധ്യാപക നിയമനത്തിന് പരിഗണിക്കേണ്ടതുള്ളൂ എന്ന നിബന്ധന എടുത്തുകളയുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കുമോ; | (ബി), (സി) & (ഡി) | സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയുടെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കേരള സംസ്ഥാന ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ സേവന സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്ന വിഷയം വിവിധ തലങ്ങളിലായി സർക്കാർ പരിശോധിച്ചുവരുന്നു. ഇതിൻമേൽ അന്തിമ തീരുമാനം സർക്കാർ എടുത്തിട്ടില്ല. |
| (സി) | കേരളത്തിലെ സർവ്വകലാശാലകൾ തള്ളിക്കളഞ്ഞ എക്സ്റ്റേണൽ എം.ഡി തപാൽ ബിരുദം അദ്ധ്യാപക നിയമനത്തിന് പരിഗണിക്കുന്നത് ഹോമിയോപ്പതി വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചക്ക് കാരണമാകില്ലേ എന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയുടെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരമായിരിക്കുമോ അധ്യാപകരുടെ സ്ഥാനക്കയറ്റത്തിനുള്ള മാനദണ്ഡങ്ങൾ കേരളത്തിൽ നടപ്പിലാക്കാൻ പോകുന്നത് എന്നറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ